പരിശോധനയിലൂടെ ഇത് കണ്ടെത്തി ചികിത്സിക്കാൻ കഴിയുന്നതാണ്. മുപ്പതുവയസ്സിനും അൻപത്തിയൊൻപത് വയസ്സിനുമിടയിലുള്ള കാലയളവിൽ ഒരു തവണ ഈ പരിശോധന സ്ത്രീകളിൽ നിർബന്ധമാക്കുകയാണെങ്കിൽ ഇത്തരം ക്യാൻസർ കണ്ടെത്താനും ചികിത്സിക്കാനും കഴിയും. പക്ഷെ ഇത് പരിശോധിക്കാൻ ആവശ്യമായ ആധുനിക സൗകര്യം നമ്മുടെ താലൂക്ക് ആശുപത്രികളിലില്ല. നിർബന്ധമായും ഇത് കേരളത്തിലെ ആശുപത്രികളിൽ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ച് ജനങ്ങളെ മാരക രോഗത്തിൽ നിന്ന് രക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, ആരോഗ്യവകുപ്പിലെ ജില്ല/ജനറൽ/താലൂക്ക്/ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലെ ഗൈനക്കോളജി വിഭാഗങ്ങളിലൂടെ ഗർഭാശയഗള ക്യാൻസർ കണ്ടെത്തുന്നതിന് സ്ക്രീനിംഗിന്റെ ഭാഗമായി ഇപ്പോൾ പാപ്സ്മിയർ ടെസ്റ്റ് നടത്തിവരുന്നു. ഫീൽഡ്തല ക്യാൻസർ നിർണ്ണയ ക്യാമ്പുകളിലും ലളിതവും ചെലവുകുറഞ്ഞതുമായ മേൽപ്പറഞ്ഞ പാപ്സ്മിയർ ടെസ്റ്റ് നടത്തുന്നുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും അനുബന്ധ ആശുപത്രികളിലും ഗർഭാശയ സംബന്ധമായ അസുഖങ്ങളുമായി എത്തുന്ന രോഗികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും സംശയകരമായ കേസ്സുകളിൽ സ്മിയർ എടുത്ത് കൂടുതൽ പരിശോധനയ്ക്കായി ആർ.സി.സി.-യിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലുള്ള ഡോക്ടർമാരും പബ്ലിക് ഹെൽത്ത് സ്റ്റാഫും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുമുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ചില ആശുപത്രികളിൽ ഇപ്പോൾ കോൾപ്പോസ്കോപ്പി സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. ഇത് ചെലവേറിയ സംവിധാനമാണ്. ഡോക്ടർമാർക്ക് പ്രത്യേക പരിശീലനവും ആവശ്യമാണ്. താലൂക്കുതലം വരെയുള്ള ആശുപത്രികളിൽ കോൾപ്പോസ്കോപ്പി പരിശോധന നിർബന്ധമാക്കുന്ന കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

(27) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ

ശ്രീ. പി. വിശ്വൻ : സർ, കൊയിലാണ്ടിയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഞാൻ പലപ്പോഴായി സഭയിലുയർത്തിക്കൊണ്ടു വന്നിരുന്നു. 30 കിലോമീറ്റർ കടലോരം, 32 കിലോമീറ്റർ നാഷണൽ ഹൈവേ, കാപ്പാട്, ഇരിഞ്ഞൽ പോലെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ഫിഷിംഗ് ഹാർബർ, താലൂക്ക് കേന്ദ്രം ഇതിന്റെ പ്രാധാന്യമൊക്കെ പലപ്പോഴായി ഞാൻ പറഞ്ഞിട്ടുണ്ട്. പത്താം കേരള നിയമസഭയിൽ 2001-ലെ ബഡ്ജറ്റിൽ ഇത് വന്നിരുന്നു. ആ പ്രാവശ്യം മൂന്നുതവണ ഞാൻ ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ വീണ്ടും ആവശ്യപ്പെട്ടു. നാട്ടുകാർ എന്നെ അടിച്ചുകൊല്ലാതിരിക്കില്ല. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ കേന്ദ്രമാണ്. എന്തെങ്കിലും ആപത്തുവന്നാൽ ആരാണ് നോക്കാനുള്ളത്. അതിനാൽ കൊയിലാണ്ടിയിൽ ഒരു ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : വിവിധ മണ്ഡലങ്ങളിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സെന്ററിനുവേണ്ടിയുള്ള ആവശ്യങ്ങൾ ശക്തമായി ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റ് വളരെയധികം അവഗണിക്കപ്പെട്ടുകിടന്ന ഒരു വകുപ്പായിരുന്നു. നാലുവർഷം മുൻപ് 80 ഫയർ സ്റ്റേഷനുകൾ മാത്രമാണ് സംസ്ഥാനത്തുണ്ടായിരുന്നത്. അടുത്തമാസം മൂന്ന് ഫയർ സ്റ്റേഷൻ കൂടി ആരംഭിക്കുന്നതോടുകൂടി 100 ഫയർസ്റ്റേഷനുള്ള സ്റ്റേറ്റായി കേരളം മാറാൻ പോകുകയാണ്. മുൻകാലങ്ങളിലൊക്കെ പ്രയോറിറ്റി ലിസ്റ്റുണ്ടാക്കി വച്ച് ഒന്നും നടക്കാത്ത സ്ഥിതിയായിരുന്നുവെങ്കിൽ അതിൽ മാറ്റം വരുത്തി ഓരോ വർഷവും നിശ്ചിത ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്ന സംവിധാനമാണ് ഗവൺമെന്റ് സ്വീകരിച്ചുവന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം പ്രഖ്യാപിച്ച ബഡ്ജറ്റിൽ കൊയിലാണ്ടി ഫയർ സ്റ്റേഷൻ ഉൾപ്പെടുത്താൻ സാധിച്ചിരുന്നില്ല. എന്നാൽ അവിടെ അഗ്നിശമന രക്ഷാനിലയം സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം നൽകാമെന്നും അവിടെ താൽക്കാലിക സൗകര്യങ്ങൾ ഏർപ്പെടുത്താനും സ്ഥിരമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കാനുമുള്ള എല്ലാ നടപടികളും സ്വീകരിച്ചതായിട്ടാണ് കൊയിലാണ്ടി മുനിസിപ്പൽ കൗൺസിലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. അവിടെ നല്ല ഒരു കൗൺസിൽ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് അവരുടെകൂടി സഹകരണത്തോടെ അവിടെയൊരു ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ സ്ഥാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതായാലും അവിടെ ഒരു ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ ഇല്ലാത്തതുകൊണ്ടുമാത്രം ബഹുമാനപ്പെട്ട മെമ്പറെ ആരും തല്ലിക്കൊല്ലാൻ പോകുന്നില്ല. അങ്ങനെ ഒരു സംഭവം അവിടെ നടക്കുമെന്ന് തോന്നുന്നില്ല. ബഹുമാനപ്പെട്ട മെമ്പറുടെ വികാരം കണക്കിലെടുത്തുകൊണ്ട് പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്ന അവസരത്തിൽ കൊയിലാണ്ടിക്ക് മുൻഗണന നൽകുന്നതാണ് എന്നുകൂടി അറിയിക്കുന്നു.

(28) കെ. കരുണാകരൻ സ്മാരക ഫൈൻ ആർട്ട്സ് കോളേജ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, അന്തരിച്ച മുൻമുഖ്യമന്ത്രി കെ. കരുണാകരൻ തൃശൂർ ഫൈൻ ആർട്ട്സ് സ്കൂളിൽ ആദ്യകാല ചിത്രകലാ വിദ്യാർത്ഥിയായിരുന്നു. അവിടെവച്ചാണ് അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ വ്യാപൃതനായത്. ഇന്ന് ആ സ്കൂൾ ഫൈൻ ആർട്ട്സ് കോളേജായി ഉയർത്തി. കെ. കരുണാകരന്റെ സ്മരണ നിലനിർത്താൻ തൃശൂർ ഫൈൻ ആർട്ട്സ് കോളേജിനെ കെ. കരുണാകരൻ സ്മാരക ഫൈൻ ആർട്ട്സ് കോളേജായി നാമകരണം ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടാനുള്ളത്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ആദരണീയനായ മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ തൃശൂരിൽ ചിത്രകല പഠിക്കാൻ വന്നിട്ടുണ്ടെന്നുള്ള കാര്യം നമുക്കെല്ലാവർക്കുമറിയാം. പക്ഷേ അതിനപ്പുറം മികച്ചത് എന്ന് പറയാവുന്ന

LIBRARY ARCHIVES Kerala Legislative Assembly